ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, അങ്ങ് സഭയുടെ നാഥനാണ്. ഞങ്ങൾക്ക് എല്ലാവർക്കും അങ്ങയോട് ബഹുമാനവും ആദരവുമുണ്ട്. അദ്ധ്യക്ഷൻ എന്ന രീതിയിൽ അങ്ങയുടെ മുന്നിൽവന്ന് ഒരു സബ്മിഷനുള്ള ആവശ്യം നാല് ദിവസമായി ഞാൻ പറഞ്ഞുകൊണ്ടിരിക്കുകയാണ്. കട്ടച്ചിറയിൽ 92 വയസ്സുള്ള ഒരു അമ്മയുടെ മൃതദേഹം 12 ദിവസമായി വീട്ടിനുള്ളിൽ സൂക്ഷിച്ചിരിക്കുകയാണ്. ആ മൃതദേഹം സംസ്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ കത്ത് നൽകിയിട്ടുണ്ട്. എന്നിട്ട് എന്തുകൊണ്ട് ആ സബ്മിഷൻ എടുക്കാൻ കഴിയില്ല എന്നുള്ളത് ചിന്തിക്കണം. വേദനകൊണ്ട് പറയുകയാണ് ഈ കാര്യം.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കാം.